ശ്രീ. പ്രാക്കുളം ഭാസി: അങ്ങനെയുള്ള പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താത്തതു എന്തുകൊണ്ടാണു?

ശ്രീ. എ. എ. റഹീം: കൂടുതൽ ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: എന്തുകൊണ്ടാണു് അതിനു് ഇത്രയും താമസം നേരിട്ടതു?

ശ്രീ. എ. എ. റഹീം: എല്ലാ താലൂക്കിൽനിന്നും തിരഞ്ഞെടുക്കുന്നതിനുള്ള താമസമാണു്.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ കൂടുതൽ ആളുകളെ എടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: അതിനു നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ: ഈ ജോലിക്കു് വളരെപ്പേർ എംപ്ലോയിമെന്റു് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. എ. റഹീം: ഈ ജോലിക്കു തയ്യാറുള്ളതായി വളരെപ്പേർ ഉണ്ടു്. അവരിൽനിന്നും എടുത്തുതുടങ്ങുന്നതാണു്.

രോഗികളുടെ ആഹാരം.

* 136. [8] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള എത്ര ആശുപത്രികളിൽ രോഗികൾക്കു് ആഹാരം കൊടുക്കാനുള്ള ഏർപ്പാടു് ചെയ്യാതെയുണ്ടു്; എവിടെയെല്ലാം;

(ബി) ഈ സാമ്പത്തികവർഷത്തിൽ നെയ്യാറിൻകര താലൂക്കിലുള്ള ഏതെങ്കിലും ആശുപത്രിയിൽ രോഗികളുടെ ആഹാരത്തിനുവേണ്ടി അനുവദിച്ച തുക ചെലവാകാതെയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു് ആശുപത്രിയിൽ; എന്തുകൊണ്ടു്;

(ഡി) നെയ്യാറിൻകര താലൂക്കിലുള്ള വെൺപകൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ രോഗികൾക്കു് ആഹാരം നൽകിവരുന്നില്ലെന്ന എന്തെങ്കിലും പരാതികിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടിയെടുത്തു;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സിക്കപ്പെടുന്ന രോഗികൾക്കു് ആഹാരവിതരണം ചെയ്യുന്നതിനു വേണ്ട ഉത്തരവുകൾ ഉടനടി പുറപ്പെടുവിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലില്ല. പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള താഴെപ്പറയുന്ന ആശുപത്രികളിൽ രോഗികൾക്കു് ആഹാരം കൊടുക്കുന്നില്ല. തുറവൂർപ്പുഴ, പുത്തനമ്പലം, മാറനല്ലൂർ, വെൺപകൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെൺപകൽ ഒഴിച്ചുള്ള സ്ഥാപനങ്ങളിൽ ഇല്ല.

(സി) വെൺപകൽ പ്രൈമറി ഹെൽത്ത് സെൻറർ ബഡ്ഡറ് നെയ്യാറിൻകര കമ്മ്യണിറ്റി പ്രാജക്റ്റ് എക്സിക്യൂട്ടീവ് ആഫീസറുടെ നിയന്ത്രണത്തിലാണ്.

(ഡി) ഉണ്ട്. നടപടി എടുത്തുവരുന്നു.

(ഇ) ചെയ്യാം.

മെഡിക്കലും പബ്ലിക് ഹെൽത്തും വകുപ്പു സംയോജനം.

* 137. [9] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മെഡിക്കലും പബ്ലിക് ഹെൽത്തും വകുപ്പുകളും സംയോജിപ്പിക്കുവാൻ പി. എസ്സ്. പി. മന്ത്രിസഭ എന്തെങ്കിലും നടപടികളും സ്വീകരിച്ചിരുന്നോ; ഉണ്ടെങ്കിൽ ആയവ നടപടികളുടെ വിശദരൂപം വെളിപ്പെടുത്തുമോ;

(ബി) ഈ വകുപ്പുകളും സംയോജിപ്പിക്കുവാൻ ഇന്നത്തെ മന്ത്രിസഭ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദരൂപവും എന്നേയ്ക്കു സംയോജനം പൂർത്തിയാകുമെന്നും പറയുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മെഡിക്കലും പബ്ലിക് ഹെൽത്തും വകുപ്പുകളും സംയോജിപ്പിക്കുന്നതിനെപ്പറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ പി. എസ്സ്. പി. മന്ത്രിസഭയുടെ കാലത്ത് ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ അവസാനതീരുമാനം അക്കാലത്തു് എടുക്കുകയുണ്ടായില്ല.

(ബി) ഉണ്ട്. ഈ വകുപ്പുകളും സംയോജിപ്പിക്കുന്നതിലേയ്ക്കുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. ഇതു സംബന്ധിച്ചുള്ള തീരുമാനം കഴിയുന്നതും വേഗം ഉണ്ടാകുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : ആദ്യത്തെ കമ്മിറ്റിക്കു പുറമെ വേറൊരു കമ്മിറ്റിയെ എടുത്തോ?

ശ്രീ. എ. എ. റഹിം : ഈ വകുപ്പുകളും തമ്മിൽ സംയോജിപ്പിക്കുന്നതിൽ ഉണ്ടാകാവുന്ന സാങ്കേതികവൈഷമ്യങ്ങളും പരിഹരിക്കത്തക്ക വിധത്തിൽ സർജൻ ജനറലിനേയും പബ്ലിക് ഹെൽത്ത് ഡയറക്ടറേയും ചുമതലപ്പെടുത്തി എന്നാണു് കമ്മിറ്റി എന്നു ഞാൻ പറഞ്ഞതിൽ ഉദ്ദേശിച്ചിട്ടുള്ളതു്.

പെൻസിൽ ഫാക്ടറി.

* 138. [10] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ :

(എ) ചിറയിൻകീഴ് താലൂക്കിൽ കീഴാറ്റിങ്ങൽ പഞ്ചായത്തിൽ നിന്നും ധാരാളം ഗ്രാഫൈറ്റ് കിട്ടാൻ സാദ്ധ്യതയുണ്ടെന്നു് സർക്കാരിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly